# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1644 — 03/05/2017-ൽ മറുപടിക്ക്

### വഴികാട്ടി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ആരോഗ്യവകുപ്പും ദേശീയ നഗരാരോഗ്യദൗത്യവും തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന 'വഴികാട്ടി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തെ നഗര കേന്ദ്രങ്ങളിലൂടെ ദൈനംദിനം കടന്നുപോകുന്നവർക്കും അതാത് നഗരപ്രദേശത്തെ സ്ഥിരതാമസക്കാരായ പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഓരോ ജില്ലയിലെയും തിരക്കേറിയ ബസ് സ്റ്റാന്റുകളിൽ ഒരു പ്രഥമ ശുശ്രൂഷാ കേന്ദ്രം എന്ന നിലക്കാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. നഗരസഭ വിട്ടുതരുന്ന മുറിയിൽ സമീപത്തുള്ള അർബൻ പ്രാഥമികരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒരു ടീം ഈ കേന്ദ്രത്തിൽ സേവനത്തിനുണ്ടാവും. പ്രഥമ ശുശ്രൂഷയ്ക്കു പുറമേ രക്തസമ്മർദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ശരീര തൂക്കം തുടങ്ങിയവ നിർണ്ണയിക്കൽ, നെബുലൈസേ-ഷൻ തുടങ്ങിയ സൗകര്യങ്ങൾ ഈ കേന്ദ്രത്തിലുണ്ടാവും. നിലവിൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ഇത്തരമൊരു സേവന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെയും പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ ഇടങ്ങളിൽ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കും. |
| ബി) | ഈ പദ്ധതിക്ക് കേന്ദ്ര-സർക്കാരിൽ നിന്നും ധന-സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശ-ങ്ങൾ ലഭ്യമാക്കുമോ; | ബി) | കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ നഗരാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ലഭിച്ച തുകയിൽ നിന്നും ഒരു കോടി ഇരുപത്തിയാറു ലക്ഷം രൂപ ഉപയോഗപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്ത പ്രത്യേക പദ്ധതിയാണിത്. ഓരോ ജില്ലയ്ക്കും ഒൻപത് ലക്ഷം രൂപാ വീതം ഇതിനായി നൽകിയിട്ടുണ്ട്. |
| സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി കേരളസർക്കാർ എത്ര രൂപ-യാണ് വകയിരുത്തിയിട്ടുള്ളത്? | സി) | ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടിലെ സംസ്ഥാനവിഹിതം ഈ പദ്ധതിക്കുവേണ്ടിയും ഉപയുക്തമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ